**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **01-02-2023 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അർബുദം, എയ്ഡ്രോഗം, ഓട്ടിസം, മനോരോഗം ബാധിച്ചവർ, കിടപ്പ് രോഗികൾ എന്നിവരടക്കം നിർബന്ധിത പട്ടികയിൽ ഉൾപ്പെടുന്നവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ അപേക്ഷിച്ചവർക്ക് എന്നത്തേക്ക് കാർഡ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതര രോഗബാധിതർ അടങ്ങുന്നതുമായ കുടുംബങ്ങളുടെ കാർഡുകൾ നിർബന്ധിത പട്ടികയിൽ ഉൾപ്പെടുത്തി ഓരോ മാസവും ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി വരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ലഭ്യമായ അപേക്ഷകളുടെ മെരിറ്റ് പരിശോധിച്ച് കാലതാമസം കൂടാതെ കാർഡുകൾ നൽകി വരുന്നു. |
| (ബി) | 2022 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പ്രസ്തുത വിഭാഗക്കാർക്കുള്ള മുൻഗണനാ കാർഡിന് അപേക്ഷ ക്ഷണിച്ചതിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേരുടെ പട്ടിക തയ്യാറാക്കിയെന്നും ഇവർക്ക് എന്നത്തേക്ക് കാർഡ് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ; | (ബി) | വിവിധ താലൂക്കുകളിൽ നിന്നു ലഭ്യമായ അപേക്ഷകൾ പരിശോധിച്ച 2022 സെപ്റ്റംബറിൽ 278 പേരുടെയും ഒക്ടോബറിൽ 359 പേരുടെയും കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗക്കാർക്ക് പുതുതായി അപേക്ഷ നൽകുന്നതിന് സ്ഥിരമായ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. താലൂക്ക് സപ്ലൈ ഓഫീസുകളിലും ഓൺലൈനായും മുൻഗണനയിലേക്ക് മാറ്റുന്നതിനായി ലഭ്യമാകുന്ന ഗുരുതര രോഗബാധിതരടങ്ങുന്ന കുടുംബങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് അർഹമായവ നിർബന്ധമായും ഉൾപ്പെടുത്തേണ്ട പട്ടികയിൽ ഉൾപ്പെടുത്തി ഓരോ മാസവും മുൻഗണനയിലേക്ക് മാറ്റി വരുന്നു. |

സെക്ഷൻ ഓഫീസർ